REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 06-04-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിൽ രണ്ട് കോടി 77 ലക്ഷത്തിലധികം പേർക്ക് വോട്ടവകാശം. അന്തിമ വോട്ടർപട്ടികയിൽ ആറര ലക്ഷത്തോളം വോട്ടർമാരുടെ വർദ്ധനയെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- സംസ്ഥാനത്ത് 204 പത്രികകൾ സ്വീകരിച്ചു. അന്തിമ ചിത്രം പത്രിക പിൻവലിക്കാൻ സമയപരിധി തീരുന്നതോടെ മറ്റന്നാൾ വ്യക്തമാകും.
- കണ്ണൂർ പാനൂരിലെ ബോംബ് സ്ഫോടനത്തെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചു.
- സംസ്ഥാനത്ത് 11 ജില്ലകളിൽ ചൊവ്വാഴ്ച വരെ ഉയർന്ന താപനില മുന്നറിയിപ്പ്.
- IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, ചെന്നൈ സൂപ്പർ കിംഗ്സിനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന് അവസാന വോട്ടർപട്ടിക തയ്യാറായി. വോട്ടർപട്ടികയിൽ രണ്ട് കോടി 77 ലക്ഷത്തി 49,159 വോട്ടർമാർ ഉണ്ടെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ തിരുവനന്തപുരത്ത് അറിയിച്ചു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

............(വോയ്സ്)................

ജനുവരി 22 ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ നിന്ന് ആറ് ലക്ഷത്തി 49,833 വോട്ടർമാരുടെ വർധനയുണ്ടെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. അതേസമയം വോട്ടർ പട്ടിക ശുദ്ധീകരണത്തിൽ രണ്ട് ലക്ഷത്തി 1,417 പേർ ഒഴിവായി.

18-19 പ്രായക്കാരായ കന്നിവോട്ടർമാർ അഞ്ച് ലക്ഷത്തി 34,394 പേരാണ്. ആകെ വോട്ടർമാരിൽ ഒരു കോടി 43 ലക്ഷത്തി 33,499 പേർ സ്ത്രീകളും ഒരു കോടി 34 ലക്ഷത്തി 15,293 പേർ പുരുഷന്മാരുമാണ്.

സ്ത്രീ വോട്ടർമാരിൽ മൂന്ന് ലക്ഷത്തി 36,770 പേരുടെയും പുരുഷ വോട്ടർമാരിൽ മൂന്ന് ലക്ഷത്തി 13,005 പേരുടെയും വർധനയുണ്ട്. ആകെ ട്രാൻസ്ജെൻഡർ വോട്ടർമാർ-367.

കൂടുതൽ വോട്ടർമാർ മലപ്പുറം ജില്ലയിലാണ്- 33 ലക്ഷത്തി 93,884. കുറവ് വയനാട് ജില്ലയിലും- 6 ലക്ഷത്തി 35,930. കൂടുതൽ സ്ത്രീ വോട്ടർമാരും മലപ്പുറം ജില്ലയിലാണ്.

✪✪✪

രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിൽ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മത്സരചിത്രം മറ്റന്നാൾ വ്യക്തമാകും. നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി തിങ്കളാഴ്ചയാണ് അവസാനിക്കുന്നത്. ജമ്മുകശ്മീരിൽ വോട്ടെടുപ്പ് നടക്കുന്ന ഒരു മണ്ഡലത്തിലെ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നാണ്.

സംസ്ഥാനത്ത് ഇന്നലെ നടന്ന സൂക്ഷ്മപരിശോധനയിൽ 204 പത്രികകളാണ് സ്വീകരിച്ചത്. 86 സ്ഥാനാർത്ഥികളുടെ പത്രികകൾ തള്ളി.

ഈ മാസം 26 നാണ് രണ്ടാംഘട്ട വോട്ടെടുപ്പ്.

✪✪✪

15 ലക്ഷം ഇലക്ട്രോണിക് വോട്ടിങ് മെഷീനുകൾ കാണാനില്ലെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിലെ പ്രചാരണം വ്യാജമാണെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. വോട്ടിങ് മെഷീനുകൾ കാണാതായിട്ടില്ലെന്നും ഇതുസംബന്ധിച്ച് സമർപ്പിച്ച ഹർജി സുപ്രീംകോടതി തള്ളിയതാണെന്നും കമ്മീഷൻ പറഞ്ഞു. കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗിക വെബ്സൈറ്റ് പരിശോധിക്കണമെന്നും കമ്മീഷൻ അറിയിച്ചു.

✪✪✪

NDA തിരഞ്ഞെടുപ്പ് പ്രചരണാർത്ഥം BJP ദേശീയ അദ്ധ്യക്ഷൻ J.P നദ്ദ ഇന്ന് കോഴിക്കോട്ടെത്തും. NDA യുടെ റോഡ്ഷോയിൽ വൈകിട്ട് അദ്ദേഹം പങ്കെടുക്കും അരയിടത്തുപാലത്ത് നിന്ന് മുതലക്കുളം വരെയാണ് റോഡ് ഷോ.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നും, നാളെയും ആലപ്പുഴ ജില്ലയിൽ LDF തെരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങളിൽ പങ്കെടുക്കും.

ആലപ്പുഴ മണ്ഡലം എൽഡിഎഫ് സ്ഥാനാർഥിയുടെ പ്രചാരണത്തിന്റെ ഭാഗമായി ഇന്ന് രാവിലെ ചേർത്തലയിലും, ഉച്ചകഴിഞ്ഞ് ആലപ്പുഴ പാതിരപ്പള്ളിയിലും വൈകിട്ട് കായംകുളത്തുമാണ് മുഖ്യമന്ത്രി എത്തുന്നത്.

✪✪✪

തെരഞ്ഞെടുപ്പിൽ LDF നും UDF നും വികസനത്തെ പറ്റി ഒന്നും പറയാനില്ലെന്ന് BJP ദേശീയ നിർവാഹകസമിതി അംഗം P.K കൃഷ്ണദാസ് കുറ്റപ്പെടുത്തി. കോഴിക്കോട്ട് NDA സ്ഥാനാർത്ഥിയുടെ മൂന്നാം ഘട്ട പര്യടനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ തിരക്കിട്ട പ്രചാരണ പരിപാടികളിലാണ് സ്ഥാനാർഥികൾ. മണ്ഡലത്തിൽ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ പൂർത്തിയായപ്പോൾ എട്ട് പേരാണ് മത്സരരംഗത്ത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

..................(വോയ്സ്)....................

✪✪✪

മാതൃകാ പെരുമാറ്റചട്ടം ലംഘിച്ചതിന് കാസർഗോഡ് മണ്ഡലം LDF സ്ഥാനാർത്ഥിക്ക് കാരണം കാണിക്കാൻ നോട്ടീസ് നൽകി. 48 മണിക്കൂറിനകം മറുപടി നൽകിയില്ലെങ്കിൽ തുടർനടപടി സ്വീകരിക്കുമെന്ന് നോഡൽ ഓഫീസർ വ്യക്തമാക്കി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലികൾക്കായി ഓരോ തലങ്ങളിലും നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ ഇടപെടലുകൾ സുതാര്യമായിരിക്കണമെന്ന് മലപ്പുറത്ത് തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച പൊതു നിരീക്ഷകർ നിർദ്ദേശിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ തിരഞ്ഞെടുപ്പ് നോഡൽ ഓഫീസർമാരുടെയും ഉപ വരണാധികളുടെയും സുരക്ഷാ ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് നിർദ്ദേശം. പൊതുജനങ്ങളിൽ സംശയം ജനിപ്പിക്കുന്ന തരത്തിൽ ഒരു ഇടപെടലും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകാൻ ഇടയാകരുത്. ഉദ്യോഗസ്ഥർ അവരുടെ രാഷ്ട്രീയ നിലപാടുകൾക്കതീതമായി തിരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെടണമെന്നും അവർ നിർദ്ദേശിച്ചു.

പൊതു നിരീക്ഷകരായ അവദേശ് കുമാർ തിവാരി, പുൽകിത് R.R ഖരേ, ജില്ലാകളക്ടർ വി.ആർ വിനോദ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു യോഗം.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി കാസർകോട് ജില്ലയിൽ ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡുകളുടെ നേതൃത്വത്തിൽ ഇതുവരെ പൊതു ഇടങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും അനധികൃതമായി സ്ഥാപിച്ച 9,443 പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തു.

പൊതു ഇടങ്ങളിൽ നിന്ന് 9,329 പ്രചാരണ സാമഗ്രികളാണ് നീക്കം ചെയ്തത്.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ അതിർത്തി ചെക്ക് പോസ്റ്റുകളിലും പരിശീലന പരിപാടികളിലും വോട്ടിങ് യന്ത്രങ്ങളുടെ സംഭരണ കേന്ദ്രങ്ങളിലും ക്യാമറ നിരീക്ഷണം ശക്തമാക്കി. ഇതിനായി കൺട്രോൾ റൂമും പ്രവർത്തിക്കുന്നുണ്ട്. പൊലീസ്, എക്സൈസ്, മോട്ടോർ വാഹന വകുപ്പ്, മൃഗസംരക്ഷണ

വകുപ്പ് എന്നിവ നിരീക്ഷണം നടത്തുന്ന അതിർത്തി ചെക്ക് പോസ്റ്റുകളിൽ സ്ഥിരം ക്യാമറകൾക്ക് പുറമെ വൈ-ഫൈ സംവിധാനത്തോടെ പ്രവർത്തിക്കുന്ന ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്.

✪✪✪

കണ്ണൂർ പാനൂരിനടുത്തുണ്ടായ ബോംബ് സ്ഫോടനത്തെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചു. കൂത്തുപറമ്പ് ACP കെ.വി. വേണുഗോപാലിന്റെ നേതൃത്വത്തിലാണ് അന്വേഷണം.

സ്ഫോടനത്തിൽ ഒരാൾ മരിക്കുകയും മൂന്നു പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

✪✪✪

കണ്ണൂർ പാനൂരിൽ ബോംബ് നിർമാണം ആരെ ഉദ്ദേശിച്ചായിരുന്നു എന്ന് ജനങ്ങളോട് തുറന്നുപറയണമെന്ന് UDF നേതാക്കൾ വടകരയിൽ ആവശ്യപ്പെട്ടു. പ്രദേശത്ത് ഇന്ന് യുഡിഎഫ് തെരഞ്ഞെടുപ്പ് പര്യടനം നടക്കാനിരിക്കെയാണ് സംഭവമെന്ന് നേതാക്കൾ പറഞ്ഞു. പ്രതികളുടെ രാഷ്ട്രീയ ബന്ധങ്ങളെ അതീവഗൗരവത്തിലെടുക്കണമെന്നും UDF നേതാക്കൾ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

✪✪✪

അതേസമയം, പാനൂർ കുന്നോത്ത് പറമ്പ് സ്ഫോടനം അപ്രതീക്ഷിതവും ദൗർഭാഗ്യകരവുമായ സംഭവമാണെന്ന് LDF വടകര ലോക്സഭാ മണ്ഡലം കമ്മിറ്റി ഭാരവാഹികൾ പറഞ്ഞു. സംഭവത്തിൽ CPIM ന് ബന്ധമില്ലെന്ന് അവർ പറഞ്ഞു. പൊലീസ് സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളെ ജനങ്ങൾക്ക് മുമ്പാകെ തുറന്നു കാട്ടണമെന്നും അവർ ആവശ്യപ്പെട്ടു.

✪✪✪

പൂക്കോട് വെറ്ററിനറി കോളജിലെ രണ്ടാം വർഷ വിദ്യാർത്ഥി ജെ എസ് സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം CBI യ്ക്ക് കൈമാറി കേന്ദ്രഗവൺമെന്റ് വിജ്ഞാപനമിറക്കി. പ്രാഥമിക അന്വേഷണത്തിന് ഇന്നലെ രാത്രി കണ്ണൂരിലെത്തിയ CBI സംഘം ഇന്ന് വയനാട്ടിലെത്തും.

✪✪✪

സംസ്ഥാനത്ത് ഉയർന്ന വേനൽചൂട് തുടരുന്നു. 11 ജില്ലകളിൽ ചൊവ്വാഴ്ച വരെ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉയർന്ന താപനില മുന്നറിയിപ്പ് നൽകി .

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).......

കൊല്ലം, പാലക്കാട് ജില്ലകളിൽ 40 ഡിഗ്രി സെൽഷ്യസ് വരെയും തൃശ്ശൂരിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരുമെന്നാണ് മുന്നറിയിപ്പ്.

ഉയർന്ന താപനില കണക്കിലെടുത്ത് കാലാവസ്ഥാ വകുപ്പ് തിരുവനന്തപുരം, ഇടുക്കി, വയനാട് ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള -ലക്ഷദ്വീപ് - വടക്ക് തമിഴ്നാട് തീരങ്ങളിൽ ഇന്ന് രാത്രി പതിനൊന്നര വരെ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരമാല 1.4 മീറ്റർ വരെ ഉയർന്നേക്കുമെന്നാണ് മുന്നറിയിപ്പ്.

✪✪✪

ഇസ്ലാംമത വിശ്വാസികളുടെ പുണ്യമാസമായ വിശുദ്ധ റമദാൻ അവസാന നാളുകളിലേക്ക്. ഖുർ ആൻ അവതരിച്ച വിധിനിർണയത്തിന്റെ രാവായ ലൈലത്തുൽ ഖദ്ർ പ്രതീക്ഷിച്ച് നോമ്പിന്റെ അവസാന പത്തിൽ പ്രാർത്ഥനകളിലും ഖുർ ആൻ പാരായണത്തിലും, ദാനധർമ്മങ്ങളിലും മുഴുകിയിരിക്കുകയാണ് വിശ്വാസികൾ. ഒരു രാത്രിയിലെ കർമ്മങ്ങൾക്ക് ആയിരം മാസത്തെ കർമ്മങ്ങളേക്കാൾ പ്രതിഫലം ലഭിക്കുമെന്ന വിശ്വാസത്തോടെയാണ് വിശ്വാസികൾ പ്രാർത്ഥനയിൽ മുഴുകുന്നത്. അവസാന പത്തിലെ ഒറ്റയിട്ട രാവുകളിലാണ് ലൈലത്തുൽ ഖദ്ർ എന്നാണ് വിശ്വാസം.

✪✪✪

റമളാൻ ഇരുപത്തിയേഴാം രാവ് പ്രാർത്ഥനാ സമ്മേളനത്തിന് മലപ്പുറം സ്വലാത്ത് നഗർ ഒരുങ്ങി. ഉച്ചക്ക് ഒരു മണി മുതൽ രാത്രി മൂന്നു മണി വരെ നീളുന്ന പ്രാർത്ഥനാ സമ്മേളനത്തിൽ പങ്കെടുക്കാൻ നിരവധി വിശ്വാസികളെത്തും.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി മത്സരിക്കും. വൈകിട്ട് ഏഴരയ്ക്ക് ഗുവാഹത്തിയിലാണ് മത്സരം.

വൈകിട്ട് അഞ്ചിന് ഡൽഹിയിൽ പഞ്ചാബ് FC, ATK മോഹൻ ബഗാനെ നേരിടും.

ഇന്നലെ നടന്ന മത്സരത്തിൽ ഗോവ FC, ഹൈദരാബാദ് FC യെ തോൽപ്പിച്ചു. ഗോവയിൽ എതിരില്ലാത്ത നാല് ഗോളിനാണ് അവർ ഹൈദരാബാദിനെ തോൽപ്പിച്ചത്.

✪✪✪

IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, ചെന്നൈ സൂപ്പർ കിംഗ്സിനെ 6 വിക്കറ്റിന് പരാജയപ്പെടുത്തി. ഹൈദരാബാദ് രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 166 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഹൈദരാബാദ് 6 വിക്കറ്റും 11 പന്തും ബാക്കി നിൽക്കെ ലക്ഷ്യത്തിലെത്തി.

ഇന്ന് രാജസ്ഥാൻ റോയൽസ്, ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സിനെ നേരിടും. ജയ്പൂരിൽ വൈകിട്ട് 7.30 നാണ് മത്സരം.

✪✪✪

K.S.T.A പ്രഥമ ജനറൽ സെക്രട്ടറി കണ്ണൂർ തളിപറമ്പ് കരിമ്പത്തെ കെ. ബാലകൃഷ്ണൻ നമ്പ്യാർ നിര്യാതനായി. അദ്ദേഹത്തിന് 80 വയസ്സായിരുന്നു. സംസ്കാരം വൈകീട്ട് മൂന്നിന് കൂനം പൊതുശ്മശാനത്തിൽ നടക്കും.

ദീർഘകാലം കേരളത്തിലെ അധ്യാപക പ്രസ്ഥാനത്തെ നയിച്ച നേതാവായിരുന്നു കെ ബാലകൃഷ്ണൻ നമ്പ്യാരെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

കോട്ടയം നീലിമംഗലത്ത് ട്രാക്ക് അറ്റകുറ്റപ്പണിക്കിടെ ട്രെയിൻ തട്ടി റെയിൽവേ ജീവനക്കാരൻ മരിച്ചു. കോട്ടയം നട്ടാശ്ശേരി വടുതലയിൽ ബിജു മാത്യൂ ആണ് മരിച്ചത്. കുമാരനല്ലൂർ തൃക്കയിൽ കോളനിക്ക് സമീപം ഇന്നലെ വൈകിട്ടായിരുന്നു അപകടം.

✪✪✪

മൂവാറ്റുപുഴ രണ്ടാർ കരയിൽ കുളിക്കാൻ ഇറങ്ങിയ വയോധികയും പേരക്കുട്ടിയും മുങ്ങി മരിച്ചു. ആമിന, പേരക്കുട്ടി ഫർഹാ ഫാത്തിമ എന്നിവരാണ് മരിച്ചത്. ഫാത്തിമയുടെ മറ്റൊരു പേരകുട്ടി ഹന ഫാത്തിമയെ ഗുരുതര നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിന് സർജിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്ത ഇനത്തിൽ കുടിശികയായ 23 കോടി 14 ലക്ഷം രൂപ അടയ്ക്കാത്തതിനെ തുടർന്ന് ഈ മാസം ഒന്നു മുതൽ കമ്പനി വിതരണം നിർത്തിയെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു.

ആരോഗ്യ വകുപ്പ് സെക്രട്ടറി ഇക്കാര്യം പരിശോധിച്ച് രണ്ടാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജൂനാഥ് ഉത്തരവിൽ പറഞ്ഞു. പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. ജൂണിൽ കോഴിക്കോട് നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

✪✪✪